# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1251:** **30.9.2011 ന് മറുപടിയ്ക്ക്**

## *തിരുവമ്പാടി ഐ.ടി.ഐ. യിലെ അപര്യാപ്തതകൾ*

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. സി. മോയിൻകുട്ടി : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) തിരുവമ്പാടി ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (എ) സ്ഥലവും കെട്ടിടവും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം സൗജന്യമായി ലഭ്യമാക്കണമെന്ന വ്യവസ്ഥയിലാണ് മറ്റു സ്ഥലങ്ങൾക്കൊപ്പം തിരുവമ്പാടിയിലും ഐ.ടി.ഐ. അനുവദിച്ചിട്ടുള്ളത്. ഐ.ടി.ഐ. ക്കാവശ്യമായ സ്ഥലം ഇതുവരെ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. |
| (ബി) നിലവിലുള്ള സ്വകാര്യ കെട്ടിടത്തിൽ ആവശ്യമായ സ്ഥലം ലഭ്യമാണോ; | (ബി) ലഭ്യമല്ല. |
| (സി) സ്ഥാപനത്തിൽ നിലവിലുള്ള അപര്യാപ്തതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) തിരുവമ്പാടി ഐ.ടി.ഐ. യുടെ അപര്യാപ്തതകൾ ചുവടെ ചേർക്കുന്നു.<br><br>1. നിലവിലുള്ള ട്രേഡുകൾക്ക് എൻ.സി.വി.ടി (നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്) അഫിലിയേഷൻ ലഭിക്കുന്നതിനാവശ്യമായ സ്ഥല സൗകര്യം ഇല്ല.<br><br>2. 20 കെ. വി. കണക്റ്റഡ് ലോഡ് സൗകര്യത്തോടു കൂടിയ ത്രീഫേസ് ഇലക്ട്രിക് കണക്ഷൻ ആവശ്യമാണ്. ഇത് ലഭ്യമല്ല.<br><br>3. ഐ.ടി.ഐ. യിലെ ട്രെയിനികളായ പെൺകുട്ടികൾക്കും, ആൺകുട്ടികൾക്കും, സ്റ്റാഫിനും മതിയായ ടോയ്‌ലറ്റ് സൗകര്യം ലഭ്യമല്ല.<br><br>4. ഓഫീസ്, സ്റ്റോർ, സ്റ്റാഫ്‌റൂം, ക്ലാസ് മുറികൾ, വർക്ക്ഷോപ്പ് മുറികൾ എന്നിവിടങ്ങളിൽ ലൈറ്റ്, ഫാൻ, കുടിവെള്ളം എന്നിവയുടെ അപര്യാപ്തത. |
| (ഡി) ഇവ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) ഐ.ടി.ഐ. ക്കാവശ്യമായ അടിസ്ഥാന സൗകര്യം ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്താണ്. ആയതിനാൽ ടി അപര്യാപ്തതകൾ പരിഹരിക്കുന്നതിനുള്ള നടപടി ഗ്രാമപഞ്ചായത്ത് ആണ് കൈക്കൊള്ളേണ്ടത്. ഇക്കാര്യം ഗ്രാമപഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ